**ഭരണഭാഷ–മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി.എ.സി/70800/2017/DHSE** **തീയതി : 20/04/2017**

## സർക്കുലർ

**വിഷയം:** തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ വിമുക്ത കേരളം - മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ 2017 - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

**സൂചന:** തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16/03/2017 ലെ 127/2017/തസ്വഭവ. നമ്പർ സർക്കുലർ.

മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. തൻവർഷത്തെ മഴക്കാല പൂർവ്വ ക്യാമ്പയിൻ "ഡിസ്പോസിബിൾ ഫ്രീ മഴക്കാല പൂർവ്വ ക്യാമ്പയിൻ" എന്ന പേരിൽ സംഘടിപ്പിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ വിദ്യാലയങ്ങളിലും പി.റ്റി.എ മീറ്റിംഗ് വിളിച്ച് ചേർത്ത് വീടുകൾ, വിദ്യാലയം, വിദ്യാലയം സ്ഥിതി ചെയ്യുന്ന വാർഡ്, മറ്റ് പൊതുസ്ഥാപനങ്ങൾ എന്നിവ മാലിന്യമില്ലാതെ ശുചിയായും വെടിപ്പായും സൂക്ഷിക്കുന്നതിനുള്ള കർമ്മപരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

ഒപ്പ്
***ഡയറക്ടർ***

To,

Principals of All Schools